**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.പി. മോഹനൻ, മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉണ്ണികൃഷ്ണൻ. ടി.പി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.പി. സഹദേവൻ, ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ആന്റണി.ജെ. , പാട്ടിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അനിൽകുമാർ, കുന്നത്തൂപറമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. പവിത്രൻ, പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബാലൻ. പി. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2658/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2018**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 02.03.2015-ലെ ഇ13(എസ് സി25/14/കെഎൻആർ)13344/2014നമ്പർ കത്ത്

2 വിജിലൻസ് (ബി) വകുപ്പിന്റെ 11.11.2015-ലെ 2815/ബി1/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 14.10.2016, 29.11.2016 എന്നീ തീയതികളിലെ 23/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രങ്ങൾ

4 സർക്കാരിന്റെ 23.06.2017-ലെ 23/ഇപിബി3/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 കുറ്റപത്രങ്ങൾക്കും കാരണം കാണിക്കൽ നോട്ടീസിനും ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

6 പഞ്ചായത്ത് ഡയറക്ടറുടെ 22.12.2017, 01.02.2018, 05.04.2018 എന്നീ തീയതികളിലെ ഡി9-41602/16നമ്പർ കത്തുകൾ

30/10/18

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് കണ്ണൂർ ജില്ലയിലെ ചെങ്ങളായി, മലപ്പട്ടം, കുറുമാത്തൂർ, ഉളിക്കൽ, പാട്ടിയം, കുന്നത്തൂപറമ്പ, പയ്യാവൂർ, പടിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ആകസ്മിക പരിശോധന നടത്തുകയും പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിജിലൻസ് അന്വേഷണത്തിൽ ചെങ്ങളായി, കുറുമാത്തൂർ, മലപ്പട്ടം, പാട്ടിയം, കുന്നത്തൂപറമ്പ, ഉളിക്കൽ, പയ്യാവൂർ പഞ്ചായത്തുകളിൽ ചട്ടം ലംഘിച്ച് ചെങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും ലൈസൻസില്ലാതെ ചെങ്കൽ ഖനനം നടക്കുന്നതിനെതിരെ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ യാതൊരു നടപടിയും സ്വീകരിക്കാതെ കൃത്യവിലോപം കാട്ടിയെന്നും, പഞ്ചായത്ത് ലൈസൻസ് കൂടാതെ ടി പഞ്ചായത്തുകളിൽ ലാറ്ററൈറ്റ് ക്വാറികൾ പ്രവർ ത്തിച്ചത് 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 232, 233 എന്നിവയുടെ ലംഘനമാണെന്നും ആയതിനാൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി

വീഴ്ചകൾക്കുത്തരവാദികളായ ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.പി. മോഹനൻ, മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉണ്ണികൃഷ്ണൻ. ടി.പി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.പി. സഹദേവൻ, ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ആന്റണി.ജെ. , പാട്ടിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.അനിൽകുമാർ, കുന്നത്തുപറമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. പവിത്രൻ, പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബാലൻ. പി എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. എന്നാൽ ശ്രീ. എൻ.പവിത്രൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാന് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിനും കാരണം കാണിക്കൽ നോട്ടീസിനും ഉദ്യോഗസ്ഥർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കുറ്റരോപിതരായ പഞ്ചായത്ത് സെക്രട്ടറിമാർ ടി പഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന കാലയളവിൽ മെഷിനറി ഉപയോഗിച്ച് ചെങ്കൽ ഖനനം നടന്നതായി ഗ്രാമപഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും, മെഷിനറി ഉപയോഗിക്കാതെ ചില തൊഴിലാളികൾ കൈ കൊണ്ട് കല്ല് വെട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നുവെന്നും ആയതിനാൽ ഡി &ഒ റൂൾസ് ഈ പ്രവർത്തനത്തിന് ബാധകമല്ലെന്നും, പഞ്ചായത്ത് രാജ് നിയമം 232, 233 പ്രകാരം വർക്ക് ഷോപ്പ്, ഫാക്ടറി എന്നിവ സ്ഥാപിച്ച് സ്റ്റീം പവർ, വാട്ടർ പവർ മറ്റേതെങ്കിലും തരത്തിലുള്ള യാന്ത്രികോർജ്ജം ഉപയോഗിച്ചു കൊണ്ടുള്ള പ്രവർത്തികൾ മാത്രമാണ് ഡി&ഒ റൂൾസ് ബാധകമായിട്ടുള്ളതെന്നാണ് ടി സെക്രട്ടറിമാർ പ്രതിവാദ പത്രികയിൽ പ്രസ്താവിച്ചിട്ടുള്ളതെന്നും ടി കാരണങ്ങളാലാണ് ചെങ്കൽ ഖനനം നടത്തുന്നത് നിർത്തിവയ്ക്കാൻ സെക്രട്ടറിമാർ രേഖാമൂലം നോട്ടീസ് നല്കാതിരുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികകളിൽ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അനുബന്ധം പട്ടിക ഒന്നിൽ പ്രത്യേകം രേഖപ്പെടുത്തിയവയ്ക്കാണ് ലൈസൻസ് അനുവദിച്ചു വരുന്നതെന്നും ടി പട്ടികയിൽ ചെങ്കൽ ഖനനം ലൈസൻസ് നല്കാവുന്ന ഒരിനമായി പരാമർശിക്കുന്നില്ലായെന്നും ആയതിനാൽ ചെങ്കൽ ഖനനം നിർത്തിവയ്ക്കാൻ പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടതിനു ശേഷം നോട്ടീസ് കൈപ്പറ്റിയവർ മതിയായ അനുബന്ധ രേഖകൾ സഹിതം ലൈസൻസിന് അപേക്ഷിക്കുകയാണെങ്കിൽ ലൈസൻസ് നല്കുവാൻ സാധിക്കുമായിരുന്നില്ലായെന്നും ആയതിനാൽ ഗ്രാമപഞ്ചായത്തുകളിലെ ട്രേഡേഴ്സ് ലിസ്റ്റിൽ ചെങ്കൽ പണികളെ ഉൾപ്പെടുത്തുവാനോ ലൈസൻസ് അനുവദിക്കുവാനോ സാധിച്ചിട്ടില്ലായെന്ന് വിജിലൻസ് കണ്ണൂർ യൂണിറ്റിന്റെ പരിശോധനാ വേളയിൽ ആയത് സംബന്ധിച്ച് വിശദീകരണം നല്കിയിട്ടുള്ളതായും സെക്രട്ടറിമാർ പ്രതിവാദ പത്രികയിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത ചെങ്കൽ ഖനനം നടത്തുന്നത് നിർത്തി വയ്ക്കുന്നതിനായി സെക്രട്ടറിമാർ രേഖാമൂലം നോട്ടീസുകൾ നല്കിയിട്ടില്ലായെങ്കിലും കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടം 3 ഒന്നാം പട്ടികയിലുള്ള ലൈസൻസ് ആവശ്യമായ 159 ഇനങ്ങളിൽ ചെങ്കൽ ഖനനം ഉൾപ്പെട്ടിട്ടില്ലായെങ്കിലും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ വകുപ്പ് 233 പ്രകാരം യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമാണ്. ടി സെക്രട്ടറിമാർക്കെതിരെയുള്ള കുറ്റപത്രങ്ങളിലും കാരണം കാണിക്കൽ നോട്ടീസിലും അനധികൃത ചെങ്കൽ ഖനനം നടത്തിയത് യന്ത്രങ്ങൾ ഉപയോഗിച്ച് കൊണ്ടാണെന്ന്

പ്രസ്താവിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232, 233 പ്രകാരം ലൈസൻസ് ആവശ്യമുള്ള പ്രവർത്തിയായി കുറ്റാരോപണ പത്രികയിൽ പറയുന്ന ചെങ്കൽ ഖനനത്തെ കണക്കാക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.പി. മോഹനൻ, മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉണ്ണികൃഷ്ണൻ. ടി.പി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.പി. സഹദേവൻ, ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ആന്റണി.ജെ. , പാട്ടിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അനിൽകുമാർ, കുന്നത്തുപറമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എൻ. പവിത്രൻ, പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ബാലൻ. പി എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി.ബി1/457/2018 തീയതി 05.07.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/23/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ